# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4270 16/12/2014-ൽ മറുപടിക്ക്

### അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച പഠനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിലെ വലിയ തോതിലുള്ള ശിശുമരണം സംബന്ധിച്ച് എന്തെല്ലാം പഠനങ്ങളാണ് നടത്തിയിട്ടുള്ളത്; എന്നാണ് നടത്തിയത്; ആരുടെ നേതൃത്വത്തിലാണ് നടത്തിയത്; റിപ്പോർട്ട് സമർപ്പിച്ചുവോ; എന്നാണ് സമർപ്പിച്ചത്; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ; | (എ) | യൂണിസെഫ്, ഡോ. ഇക്ബാൽ കമ്മിറ്റി, ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ, തൃശ്ശൂർ മെഡിക്കൽ കോളേജ് ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം, ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷൻ എന്നീ സംഘങ്ങൾ അട്ടപ്പാടി മേഖലയിൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | അട്ടപ്പാടിയിലെ അമ്മമാരുടെയും, കുട്ടികളുടെയും ആരോഗ്യത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിനായി എത്ര തുക ചെലവഴിച്ചു; പ്രവർത്തനങ്ങൾ ആരാണ് ഏകോപി പ്പിച്ചത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | അട്ടപ്പാടിയിലെ പട്ടികവർഗ്ഗ അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യ സംരക്ഷണത്തിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗക്കാർ ക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരി ക്കുന്നതിന് ഈ മേഖലയിൽ 3 ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ഗുരുതരമായ അനീമിയ ബാധിച്ച കുട്ടികളെ ഇവിടെ കിടത്തി ചികിത്സിക്കുന്നുണ്ട്. ഐ.സി.ഡി.എസ്. അംഗൻവാടികൾ വഴി പ്രത്യേക ന്യൂട്രീഷൻ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ 101 സമൂഹ അടുക്കളകൾ അട്ടപ്പാടി ഊരുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേന ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. കോട്ടത്തറ ഗവ: ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ വിദഗ്ദ ഡോക്ടർമാരുടെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 3 വയസ്സിനു താഴെയുള്ള തൂക്കക്കുറവുള്ള കുട്ടികൾക്കും പ്രത്യേക പോഷകാഹാര വിതരണം നടത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | വിവാഹം കഴിഞ്ഞിട്ടുള്ള പെൺകുട്ടികൾക്കും ഗർഭിണികൾക്കും അയൺ ഗുളികകൾ വിതരണം ചെയ്തു വരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർ, ആശാവർക്കർമാർ, എസ്.റ്റി. പ്രൊമോട്ടർമാർ എന്നിവർ മുഖേന ഗർഭിണികളെ പ്രത്യേകമായി പരിശോധനകൾക്ക് വിധേയമാക്കുന്നുണ്ട്. 2013-14 സാമ്പത്തിക വർഷം ആരോഗ്യ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 433.52 ലക്ഷത്തിൽ 216.75 ലക്ഷം രൂപ ആരോഗ്യ വകുപ്പ് ഇതുവരെയും ചെലവഴിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്